**തദ്ദേശസ്വയംഭരണ വകുപ്പ്(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ്&എഞ്ചിനീയറിംഗ് വിംഗ്)**
**ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**സന്നിഹിതൻ- ജോൺസൺ കെ**

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - മൂന്നാംതരം ഓവർസിയർമാർക്ക് രണ്ടാംതരം ഓവർസിയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ.ഉ (പി)നം. 272/2007/തസ്വഭവ, തീയതി. 27.11.2007.
2. ഈ കാര്യാലയത്തിലെ 10-11-2020- ലെ - ഇ22-1143/2018/ സിഇ/ തസ്വഭവ നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 13-07-2020 ലെ ഇ5-2383/20/സിഇ/ തസ്വഭവ നമ്പർ ഉത്തരവ്.
4. സ.ഉ (പി)നം. 169/2019/ധന, തീയതി. 13.12.2019.

## ഉത്തരവ് നം. ഇ5/2383/2020/സിഇ/തസ്വഭവ, തീയതി 19.01.2021

ഈ വകുപ്പിലെ മൂന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിലെ റാങ്ക് നമ്പർ 667 വരെയുള്ളവർക്ക് പരാമർശം (3) ഉത്തരവ് പ്രകാരം രണ്ടാംതരം ഓവർസിയർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്. എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം മൂന്നാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ റാങ്ക് നമ്പർ 197(എ) ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. സുജാത പി കെ, റാങ്ക് നമ്പർ 430(ബി)-2 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. രാധാകൃഷ്ണൻ പി കെ വി, റാങ്ക് നമ്പർ 441(ബി) ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. ശ്രീകുമാർ സി എസ്, റാങ്ക് നമ്പർ 502(എ)-1 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. പത്മകുമാർ കെ റ്റി എന്നീ മൂന്നാംതരം ഓവർസിയർമാർക്ക്, അവരെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നതു കാരണം, നാളിതുവരെയും രണ്ടാംതരം ഓവർസിയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ലാത്തതാണ്. മറ്റ് വിശദാംശങ്ങൾ പരിശോധിച്ചതിൻ പ്രകാരം ടിയാളുകൾക്ക് പ്രസ്തുത സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതാണ്.

പ്രസ്തുത സാഹചര്യത്തിൽ, ടിയാളുകൾക്ക് പരാമർശം (3) ഉത്തരവിലെ നിബന്ധനകളോടെ രണ്ടാംതരം ഓവർസിയർ തസ്തകയിലേക്ക് മുൻകാലപ്രാബല്യത്തോടെ നോഷണൽ പ്രൊമോഷൻ നൽകികൊണ്ടും അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ടിയാളുകൾക്ക് പരാമർശം (4) പ്രകാരം സാമ്പത്തികാനുകൂല്യം അനുവദിക്കേണ്ടതാണ്.

| ക്രമ നം. | പേര് | റാങ്ക് നമ്പർ | നിയമിക്കുന്ന കാര്യാലയം | സ്ഥാനക്കയറ്റം പ്രാബല്യത്തിൽ വരുന്ന തീയതി |
|---|---|---|---|---|
| 1 | സുജാത പി കെ<br>(പെൻ-440993)<br>തഴക്കര ഗ്രാമപഞ്ചായത്ത്<br>മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്<br>ആലപ്പുഴ | 197(എ) | ആര്യാട് ബ്ലോക്ക് പഞ്ചായത്ത്<br>ആലപ്പുഴ | 10-10-2012 |

| | | | | |
|---|---|---|---|---|
| 2 | രാധാകൃഷ്ണൻ പി കെ വി (പെൻ-128197) കണ്ണൂർ കോർപ്പറേഷൻ | 430(ബി)-2 | ഇരിക്കൂർ ഗ്രാമപഞ്ചായത്ത് ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് കണ്ണൂർ | 26-04-2018 |
| 3 | ശ്രീകുമാർ സി എസ് (പെൻ-436334) അയിരൂർ ഗ്രാമപഞ്ചായത്ത് കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പത്തനംതിട്ട | 441(ബി) | വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് എറണാകുളം | 26-04-2018 |
| 4 | പദ്മകുമാർ കെ ടി (പെൻ-441516) കാലടി ഗ്രാമപഞ്ചായത്ത് അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് എറണാകുളം | 502(എ)-1 | ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് എറണാകുളം | 24-09-2018 |

NB: മേൽ കാര്യാലയങ്ങളിലേയ്ക്ക് സീനിയർ ആയിട്ടുള്ള രണ്ടാംതരം ഓവർസിയർമാർ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകിക്കൊണ്ട് ഈ ഉത്തരവിൽ പ്രസ്താവിച്ചിട്ടുള്ള ജീവനക്കാരെ മാറ്റി നിയമിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ

വ്യക്തികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

<u>പകർപ്പ്:</u>

1. ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക്
2. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്.
3. ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക്.
4. കരുതൽ ഫയൽ